പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : T2727 18.08.2017 ലെ മറുപടിക്ക്

**ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ ശോചനീയാവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി : | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന പല ഗ്രന്ഥശാലകളും ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ), (ബി) & (സി) ഇല്ല. എന്നാൽ ദീർഘകാലമായി പ്രവർത്തന രഹിതമായ അംഗ ഗ്രന്ഥശാലകളുടെ പ്രവർത്തനം പുനസംഘടിപ്പിക്കുന്നതിന് ലൈബ്രറി കൗൺസിൽ വഴി പുനരുദ്ധാരണ ഗ്രാന്റ് നൽകുന്നു. പുനരുദ്ധരിച്ച ഗ്രന്ഥശാലകൾക്ക് മറ്റ് അംഗ ഗ്രന്ഥശാലകൾക്ക് നൽകുന്ന സഹായങ്ങൾ ലഭിക്കുന്നതാണ്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകിവരുന്നു. 03.10.2016 ലെ സർക്കാർ ഉത്തരവ് (പി) നം.147/16/ധന പ്രകാരം എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗത്വമുള്ള ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രോജക്ടർ, വൈ-ഫൈ, മൈക്ക് എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് നിലവിലുള്ളത് ; സർക്കാർ നേരിട്ട് ധനസഹായം നൽകുന്ന പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ ; | |
| (സി) ഇത്തരം ഗ്രന്ഥശാലകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സർക്കാരോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ എന്തെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ